പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2187 **27-10-2026-ൽ മറുപടിയ്ക്ക്**

വനിതാ പോലീസ് സ്റ്റേഷനുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത സ്റ്റേഷനുകളിൽ ഏതൊക്കെ തസ്തികയിലായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്നു അറിയിക്കാമോ;

മറുപടി: സംസ്ഥാനത്ത് നിലവിൽ 14 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വനിതാ പോലീസ് സ്റ്റേഷനുകളിലെ തസ്തികകളും, നിലവിലെ ഉദ്യോഗസ്ഥരുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേക സംവിധാനങ്ങളും പദ്ധതികളും പോലീസ് വകുപ്പിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ളതാണ്. സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സുരക്ഷ ഏർപ്പെടുത്തുന്നതിനുമായി വനിതാ സെൽ, നിർഭയ പദ്ധതി, പിങ്ക് പട്രോൾ, അപരാജിത ഓൺലൈൻ, ജനമൈത്രി സുരക്ഷ പദ്ധതി, നിർഭയ നിശ തുടങ്ങിയ നിരവധി സംവിധാനങ്ങളും കുട്ടികൾക്ക് എതിരായ അതിക്രമങ്ങൾ തടഞ്ഞ് സുരക്ഷ നൽകുന്നതിനായി മാലാഖ പദ്ധതി, ചിരി ഹെൽപ്പ് ഡെസ്ക്, ക്യാപ്പ്-ചിൽഡ്രൻ ഹെൽപ്പ് ഡെസ്ക്, കവചം പദ്ധതി, ഓപ്പറേഷൻ പി ഹണ്ട്, സി.സി.എസ്.ഇ. (കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ), സ്കൂൾ പ്രൊട്ടെക്ഷൻ ഗ്രൂപ്പ് (SPG), കോളേജ് പ്രൊട്ടെക്ഷൻ ഗ്രൂപ്പ് (CPG), സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) എന്നീ സംവിധാനങ്ങളും നിലവിലുണ്ട്. കൂടാതെ Emergency Response Support System Toll Free Number ആയ 112 സ്ത്രീകൾക്കും കുട്ടികൾക്കും പോലീസിന്റെ സഹായം അടിയന്തിരമായി ലഭ്യമാക്കികൊണ്ടിരിക്കുകയാണ്.

(സി) പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്നു അറിയിക്കാമോ?

മറുപടി: പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ